# പള്ളികഥകൾ

## മിനികഥകൾ മുപ്പത്തിഒന്ന്

ജോയിക്കുട്ടി,

ജോസഫച്ചൻ ദീഘ്കാലങ്ങൾക്കു ശേഷമാണ് ഇപ്പോൾ കഥ പറയാനായെത്തിയത്. ഞാനാണെങ്കിൽ ''കേസില്ലാകോട്ടി ലെ ഫീസില്ലാ വക്കീലെന്ന'' പോലെയോ, ''നായിക്കിരിക്കാ ൻ നേരമുണ്ടോ നായ് നടന്നാൽ ഫലമുണ്ടോ'' എന്നതുപോ ലെ വളരെയധികം തിരക്കു പിടിച്ച് ''വാലിനു തീ പിടച്ച നാ യേ പോലെ''

ഒരു കഥ കിട്ടിയാൽ പിന്നെ ''പൂണ്ണ ഗഭിണിയുടെ അവസ്ഥ യി'' ലാണ് ഞാൻ. പിന്നെ, ഉണ്ണാനോ, ഉറങ്ങാനോ, നിൽ ക്കാനോ, നടക്കാനോ, ഇരിക്കാനോ, കിടക്കാനോ വയ്യാത്ത അവസ്ഥ. ലോകത്തിലെ വേദനകളിൽ ഏറ്റവും വലുതാണ് പ്രസവവേദനയെന്ന്, ഞാൻ പ്രസവിച്ചിട്ടില്ലെങ്കിലും മറ്റുള്ളവ ർ പറഞ്ഞു കേട്ടിട്ടുണ്ട്; എന്നതു പോലെയാണ് ഈ കഥകൾ എഴുത്തും, എന്റെ അനുഭവത്തിൽ. കഥ എഴുതികഴിഞ്ഞ് പല ആവത്തി വായിച്ച് തിരുത്തലുകൾ പല ആവത്തി കഴിഞ്ഞ ശേഷം, അക്ഷര തെറ്റുകൾ എല്ലാം രാവും പകലുമില്ലാതെ തിരുത്തിയ ശേഷം പ്രസിദ്ധീകരിച്ചു കഴിയുമ്പോളാണ് ''പഴ ത്തിന് ഉപ്പു പോരാ'' എന്ന കുറ്റം പറച്ചിൽ വേറെ.

ഒരു കമ്പ്യൂട്ടറിൽ ടൈപ്പു ചെയ്യും. വേറൊന്നിലിട്ട് തിരുത്തും. അടുത്തതിലിട്ട് ടൈപ്പ സെറ്റു ചെയ്യും. പിന്നത്തേതിലിട്ട് പ്ര സിദ്ധീകരിക്കും. ഇത്രയും പ്രക്രിയകളാണ് ഇവിടുത്തെ യാഗ ശാലയിലെ പണികൾ.

സാധാരണ പ്രസന്നവദനനായിട്ടാണ് ജോസഫച്ചൻ കഥ പറ യാറുള്ളതെങ്കിൽ ഇപ്രാവശ്യം ഗദ്ഗദകൺഠനായി ധാരമുറി യാതെ കണ്ണുനീരുമായാണ് ഇക്കഥ പറഞ്ഞു തീത്ത്. ''വാ യിൽ നിന്നും പോകുന്ന വാക്കുകളും, കയ്യിൽ നിന്നു പോകുന്ന കല്ലുകളും, പണവും ഒരിക്കലും തിരിച്ചെടുക്കാനാകില്ലെന്ന'' സ്ഥിരം പല്ലവിയുമായാണ് തുടക്കം. അത് അച്ചന്റെയടുക്കൽ നിന്നായാലും ബിഷപ്പിന്റെടുക്കൽ നിന്നായാ ലും ശരി.

ജോസഫ് അച്ചൻ അമേരിക്കയിൽ വന്ന കാലം തുടങ്ങിയുള്ള ആത്മസുഹൃത്തുക്കളിൽ ഒരാളാണ് ജോജ്ജുകുട്ടി. അവരെ രണ്ടുപേരേയും നേരിട്ടറിയാവുന്ന ഏവക്കും അറിവുള്ള കാര്യ മാണിത്.

# ഭോളി

ഈ ജോജ്ജുകുട്ടിയുടെ നാട്ടിലുള്ള സ്വന്തം കസ്സിനാണ് ജറു മിയ. കസ്സിനാണെങ്കിലും അവർ തമ്മിൽ സ്വന്തം സഹോദര ങ്ങളേക്കാൾ കൂടുതൽ സ്നേഹബന്ധത്തിലാണ്.ജോജ്ജുകുട്ടി യെ ജറുമിയാ ''അച്ചായാ'' എന്നു വിളിക്കുന്നതു കേട്ടാൽ ഇ പ്രപഞ്ചംതന്നെ കോൾമയിർ കൊണ്ടു പോകും., ജറുമിയായും ഭാര്യയും മാസ്റ്റേഴ്സ് ബിരുദമുള്ള ഇവർ ദീഘ്കാലം വിദേശത്ത് ജോലി ചെയ്യെങ്കിലും കയ്യിൽ ഒന്നും മിച്ചമില്ലാതെ വാദ്ധ്യക്യ കാലത്ത് സ്വന്ത ദേശത്ത് വന്ന് ജീവിക്കേണ്ട ഗതികേടിലാ യി. അത് മുതലെടുത്ത് അവരുടെ സഭ നടത്തുന്ന ഒരു സ്ഥാ പനത്തിൽ വളരെ തുഛമായ ശമ്പളം നൽകി അയാളുടെ ഭാ ര്യയ്ക്ക് ഒരു ജോലിയും അവർ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെകാലത്തെ ഭാരിച്ച ജീവിതത്തിന് ഒരു വിധത്തിലും അങ്ങേയറ്റവും ഇങ്ങേയറ്റവും കൂട്ടിമുട്ടിക്കാൻ അയാൾ വളരെ കഷ്ടപ്പെടുന്നുണ്ട്. വിദേശത്തുള്ള ഒരു സഹോദരൻ നൽകുന്ന തുഛമായ തുകകൊണ്ട് ബാക്കി കാര്യങ്ങളുമെല്ലാം ഒരുവിധം കഴിച്ചു കൂട്ടുകയാണ്.

ജറുമിയായ്ക്ക് നാലു മക്കളാണ്. മൂന്നാൺമക്കളും ഇളയ ഒരു പെണ്ണും. രണ്ടാൺമക്കൾക്ക് ജോലിയുണ്ട്. അതിലൊരാൾ വിദേശത്തും ആണെങ്കിലും അവരെക്കൊണ്ട് ഇപ്പറയുന്ന സ ഹായങ്ങളൊന്നുമില്ലെങ്കിലും ജറുമിയായ്ക്ക് പരാതികളൊന്നു മില്ല.

ജോജ്ജുകുട്ടിയും ജറുമിയായും വ്യത്യസ്ഥ ക്രൈസ്തവ സഭക ളിലെ അംഗങ്ങളാണ്.ജോജ്ജുകുട്ടിയുടെ സഭയിലെ, അയാ ൾ സ്വപുത്ര തുല്ല്യം ഏറ്റവും അധികം സ്നേഹിക്കുന്ന ഒരു ബി ഷപ്പ് ഒരിക്കൽ അയാൾ നാട്ടിൽ ചെന്നപ്പോൾ അയാളെ കാ ണാനായി ഈ ജറുമിയായുടെ വീട്ടിൽ ചെന്നു. ജോജ്ജുകുട്ടി ഇപ്പോഴിപ്പോൾ നാട്ടിൽ ചെന്നാൽ ജറുമിയായുടെ വീട്ടിലാ ണ് താമസം.

ജറുമിയായുടെ വീട്ടിൽ ആദ്യമായാണ് ഒരു ബിഷപ്പ് ചെല്ലു ന്നത്. ജറുമിയായും വീട്ടുകാരെല്ലാം തന്നെ അത്യധികം ആ ഹ്ലാദത്തിലായി. ജറുമിയായുടെ വീടിന് അഭിമുഖമായി വ ലിയ ഒരു ബഗ്ലാവിൽ വളരെയധികം അസൂയ നിറഞ്ഞ പ്രായ മുള്ളതും ജോജ്ജുകുട്ടിയുടെ അതേ സഭയിൽ ഉള്ളതുമായ ഒ രാൾ താമസിക്കുന്നുണ്ട്.

''എന്റെ സഭയിലെ ഒരു തിരുമേനി, വേറൊരു സഭയിലെ വീ ട്ടിൽ വരുന്നതു കണ്ട് അസൂയ മൂത്ത് കഴിയുകയായിരുന്നു. വന്ന ബിഷപ്പും ജോജ്ജുകുട്ടിയും തമ്മിലുള്ള സ്നേഹപ്രകടന ങ്ങൾ കണ്ട് ജറുമിയായും വീട്ടുകാരെല്ലാവരും അമ്പരന്നിരി ക്കുയാണ്.

ജറമിയായുടെ ഭാര്യ പാചകകലയിൽ അതി വിദഗ്ദ്ധയായിരു ന്നു. വരുന്നതിന് ഒരു ദിവസം മുമ്പേ വിവരം അറിയിക്കണമെ ന്ന് ജോജ്ജുകുട്ടി പറഞ്ഞിരുന്നെങ്കിലും കേരളത്തിൽ വന്നാ ൽ വളരെയധികം തിരക്കിട്ട് ഓടി നടക്കുന്നതിനിടയിൽ ഒരു മണിക്കൂർ മുമ്പ് മാത്രമാണ് വരുന്ന വിവരം അറിയിച്ചത്. എ ന്നാലും ആ സ്ത്രീ പറഞ്ഞ സമയത്തിനുള്ളിൽ മേശ നിറച്ചും പ ലവിധ പലഹാരങ്ങൾ കൊണ്ടു നിറച്ചു; അതും എല്ലാം തന്നെ അന്നേരം ആ ഭവനത്തിലുണ്ടാക്കിയതായിരുന്നു.

ജോജ്ജുകുട്ടി മടങ്ങി പോയശേഷം പിന്നീട് ഒരു പ്രാവശ്യം വേറൊരു അത്യാവശ്യ കാര്യത്തിനായി ഈ ബിഷോപ്പ് അ വിടെ ചെല്ലാനിടയായി; അതും നേരത്തെ പറഞ്ഞതുപോലെ വെറും ഒരു മണക്കൂർ സമയ വ്യത്യാസത്തോടു കൂടി മാത്രം. ഇപ്രാവശ്യവും സമത്ഥയായ ജറമിയായുടെ വൃദ്ധയായ ഭാര്യ പലഹാരങ്ങൾ കൊണ്ട് മേശ നിറച്ചു.

സഭയിലെ മിക്കവാറും എല്ലാ ബിഷപ്പുമാരും, ''സംസാരം വെ ള്ളിയാണെങ്കിൽ, മൗനം സ്വണ്ണമെന്ന'' ആപ്തവാക്യപ്രകാരം ജീവിക്കുമെങ്കിൽ നമ്മുടെ ഈ ബിഷപ്പ് അമിത ഭാഷിണിയാ ണ്. അതുകൊണ്ട് പല ദോഷങ്ങളും സംഭവിക്കുമെങ്കിലും ആ രും തന്നെ അവരോടു പറയാറില്ല.

ജറമിയായുടെ മകൾ പഠിക്കാൻ വളരെ മിടുക്കിയാണെങ്കി ലും കാണാൻ തീരെ കൊള്ളത്തില്ല. പത്തൊന്പതു വയസ്സു ണ്ടെങ്കിലും അവളെ കണ്ടാൽ വെറും പന്ത്രണ്ടേ തോന്നുകയു ള്ളു. നമ്മുടെ ബിഷപ്പ് ഇപ്രാവശ്യം അവിടെ ചെന്ന് അവളെ കണ്ടപ്പോൾ അറിയാതെ പറഞ്ഞുപോയി: ''ഇത് നിങ്ങളുടെ മകളാണോ? ഞാൻ വിചാരിച്ചു ഇവിടെ വേലക്കു നിൽക്കുന്ന ആളാണെന്ന്''. അതു കേട്ടയുടനെ അവൾ ഏങ്ങലടിച്ച് കര ഞ്ഞുകൊണ്ട് അവളുടെ മുറിയിലേക്ക് ഓടിപോയി കതകടച്ച് കുറ്റിയിട്ടു. വീട്ടിലുള്ളവർ ബിഷപ്പിനെ സൽക്കരിക്കുന്ന തിര ക്കിലുമായി. അദ്ദേഹം പോയി വളരെ സമയം കഴിഞ്ഞിട്ടും മ കളെ കാണാഞ്ഞപ്പോൾ, അവളുടെ മുറി ചവുട്ടിപ്പൊളിച്ച് അ കത്തു കടന്നപ്പോൾ കണ്ടത്: അവൾ ബ്ലേയിടുകൊണ്ട് കയ്യി ലെ ഞരമ്പു മുറിച്ച് മരിച്ചു കിടക്കുന്ന ദയനീയ കാഴ്ചയാണ്.